# ഭരണം കാര്യക്ഷമവും പ്രവൃത്തികൾ സുതാര്യവുമാകണം

### വൈദികട്രസ്റ്റി സ്ഥാനത്തേയ്ക്ക് മത്സരിക്കുന്ന ഫാ. ഡോ. എം. ഒ. ജോണുമായി ഒരഭിമുഖം



തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമായ ഫാ.ഡോ.എം.ഒ. ജോൺ കഴിഞ്ഞ പത്തുവർഷമായി യു.കെ.യൂറോപ്പ് ആഫ്രിക്ക ഭദ്രാസനത്തിൽനിന്നുള്ള മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗമാണ്.

ഇപ്പോൾ ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജ് പ്രൊഫസറായി സേവനമനുഷ്ഠിക്കുന്ന അദ്ദേഹം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി മുൻ അദ്ധ്യാപകനാണ്.

മലങ്കരസഭാദീപം മാനേജിംഗ് എഡിറ്റർ, എം.ഒ.സി.കോളജ് ഗവേണിംഗ് ബോർഡ് അംഗം, റൂൾസ് കമ്മിറ്റി, കാതോലിക്കേറ്റ് ശതാബ്ദി ആഘോഷകമ്മിറ്റി, വൈദിക ശമ്പള പരിഷ്ക്കരണ കമ്മിറ്റി തുടങ്ങിയ വിവിധ കമ്മിറ്റികളിൽ അംഗം, ആലുവാ തൃക്കുന്നത്ത് സെമിനാരിയിലും കുണ്ടറ സെമിനാരിയിലും മാനേജർ, വിയന്നാ സെന്റ് തോമസ് കോൺഗ്രിഗേഷൻ, സൗത്താഫ്രിക്ക സെന്റ് തോമസ് കോൺഗ്രിഗേഷൻ എന്നിവയുടെ സ്ഥാപകവികാരി, സഭാചരിത്രപണ്ഡിതൻ, പ്രസംഗകൻ,സംഘാടകൻ എന്നീ നിലകളിലെല്ലാം പ്രശസ്തനാണ് ഫാ.ഡോ.എം.ഒ.ജോൺ.

**വേദശാസ്ത്ര ചരിത്ര പഠനങ്ങൾ എപ്രകാരമുള്ളതായിരുന്നു**

ഓർത്തഡോക്സ് സെമിനാരിയിൽ പഠിച്ച് ജി.എസ്.റ്റി. യും ബി.ഡി. യും ഉന്നതനിലയിൽ പാസ്സായി. പ. സുന്നഹദോസ് തീരുമാനപ്രകാരം സ്കോളർഷിപ്പോടുകൂടി ഉന്നതപഠനത്തിന് വിയന്നായിലേക്ക് പോയി. വിയന്നാ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.റ്റി.എച്ചും ആദിമസഭാചരിത്രത്തിൽ ഡോക്ടറേറ്റും നേടി.

**സഭയുടെ മുഖ്യധാരയിൽ ഏതെല്ലാംതരത്തിൽ പ്രവർത്തിക്കുന്നു**

കോട്ടയം പഴയസെമിനാരിയിൽ 1989 മുതൽ സഭാചരിത്രം പഠിപ്പിക്കുന്ന അദ്ധ്യാപകനായി പ്രവർത്തിച്ചു. 1994 മുതൽ മലങ്കരസഭാദീപം പ്രസിദ്ധീകരിക്കുന്നു. കത്തോലിക്കാ-ഓർത്തഡോക്സ് ഡയലോഗിൽ സഭാചരിത്രകാരൻ എന്ന നിലയിൽ മലങ്കരസഭയെ പ്രതിനിധീകരിച്ചു സംബന്ധിച്ചു. കഴിഞ്ഞ പത്തു വർഷമായി യു.കെ.-യൂറോപ്പ് ആഫ്രിക്കൻ ഭദ്രാസനത്തിൽ നിന്നുള്ള സഭാമാനേജിംഗ് കമ്മിറ്റി അംഗമാണ്. റൂൾസ് കമ്മിറ്റി, കോളജ് ഗവേണിംഗ് ബോർഡ് അംഗം തുടങ്ങി സഭയുടെ വിവിധ കമ്മിറ്റികളിൽ പ്രവർത്തിക്കുന്നു.

**വിദേശത്ത് മലങ്കരസഭയുടെ ദേവാലയങ്ങൾ ആരംഭിക്കുവാൻ പ്രേരിതനായത് എങ്ങനെ?**

ഉപരിപഠനത്തിനായി 1982-ൽ വിയന്നായിൽ പോയി. അവിടെ പഠിച്ചുകൊണ്ടിരുന്നപ്പോൾ അവിടെയുള്ള നമ്മുടെ ആളുകളെ ഒന്നിച്ചുചേർത്ത് ഒരിടവക ഉണ്ടാക്കി. 1996-ൽ സൗത്താഫ്രിക്ക സന്ദർശിച്ചു. അവിടെ നമ്മുടെ കുറച്ചാളുകൾ താമസിക്കുന്നുണ്ടെന്ന് അറിയാമായിരുന്നു. അവരെയും ഒന്നിച്ചുകൂട്ടി ഒരിടവക രൂപീകരിച്ചു. വിദേശത്ത് താമസിക്കുന്ന നമ്മുടെ ആളുകൾക്ക് വി. കുർബ്ബാന കാണുവാനും അനുഭവിക്കുവാനുമുള്ള സാഹചര്യം ഉണ്ടാകണം. അവർ ഇതര വിശ്വാസങ്ങളിലേക്ക് വഴുതിപ്പോകരുത്, അവരുടെ കുഞ്ഞുങ്ങൾ സഭാവിശ്വാസത്തിലും സഭയോടുള്ള ബന്ധത്തിലും വളർന്നുവരണം. അതിനുവേണ്ടി ഇടവക രൂപീകരിച്ചു. സൗത്താഫ്രിക്കയിൽ ഇപ്പോൾ പത്തിലധികം സ്ഥലങ്ങളിൽ വി. കുർബ്ബാന നടത്തുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചു.

**മലങ്കരസഭയുടെ സ്വാതന്ത്ര്യം എങ്ങനെയാണ് വിലയിരുത്തുന്നത്?**

മലങ്കരസഭ പൂർവ്വകാലം മുതലെ സ്വതന്ത്രമായിരുന്നു. 16-ാം നൂറ്റാണ്ടിൽ റോമാക്കാർ ഈ സഭയുടെ മേൽ ആധിപത്യം സ്ഥാപിച്ച് ഇതിനെ കീഴടക്കാൻ ശ്രമിച്ചു. അതിനെ നമ്മുടെ പിതാക്കന്മാർ ശക്തിയുക്തം ചെറുത്തുനിന്നു. 1653-ലെ കൂനൻകുരിശ് സത്യത്തിലൂടെ സഭയുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അതിനുശേഷം അന്ത്യോഖ്യൻ പാത്രിയർക്കീസന്മാരുമായി സഭ ബന്ധപ്പെട്ടു. അവർ ഈ സഭയെ അവരുടെ വരുതിയിൽ കൊണ്ടുവരുവാൻ ശ്രമിച്ചു. അതിനേയും പ. വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വത്തിൽ നമ്മുടെ പിതാക്കന്മാർ ചെറുത്തുനിന്നു. വിദേശ ഇടപെടലുകൾ ഇല്ലാതെ ലോകത്തെ മറ്റ് ഏത് ഓർത്തഡോക്സ് സഭയേയും പോലെ പ. കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ നമ്മുടെ മേലദ്ധ്യക്ഷന്മാർ നമ്മെ നയിക്കുന്ന അവസ്ഥ നിലനിർത്തണം.

**മലങ്കരസഭയുടെ ഇന്നത്തെ അവസ്ഥ എപ്രകാരമാണ് നിരീക്ഷിക്കുന്നത്**

മലങ്കര-അന്ത്യോഖ്യൻ ബന്ധം സംബന്ധിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസ് സഭാതലവനാണെന്ന് കുറേപ്പേർ വിശ്വസിക്കുന്നു. പൂർണ്ണ സ്വാതന്ത്ര്യം വേണമെന്ന് വേറെ കുറേപ്പേർ വാദിക്കുന്നുവെങ്കിലും ഉൾഭരണസ്വാതന്ത്ര്യം കൊണ്ട് തൃപ്തിപ്പെടുവാൻ കുറേപ്പേർ തയ്യാറാണ്. വിശ്വാസികളുടെ സ്ഥിതി നോക്കിയാൽ ഒട്ടധികംപേർ കരിസ്മാറ്റിക്ക് പ്രസ്ഥാനംപോലുള്ള ഇതര സഭാപ്രസ്ഥാനങ്ങളിലേക്ക് പോകുന്നു. വേറൊരുവിഭാഗം സഭാകാര്യങ്ങളിൽ ഒരുവക നിസംഗത പുലർത്തുന്നു. സഭാനേതൃത്വവും ഭരണവും സംബന്ധിച്ച് ശക്തമാണ് നേതൃത്വമെന്നും കാര്യക്ഷമമാണ് ഭരണം എന്നും പറയുവാൻ സാധിക്കുന്നില്ല. അനേകായിരം സഭാമക്കൾക്ക് നേതൃത്വത്തേക്കുറിച്ചും നടപടികളേക്കുറിച്ചും ഇന്നത്തെ പോക്കിനെക്കുറിച്ചും പരാതിയുണ്ട്. ഇത് മനസ്സിലാക്കി പ്രവർത്തിക്കുവാൻ ചുമതലപ്പെട്ടവർ പലപ്പോഴും പരാജയപ്പെടുന്നു.

**മലങ്കരസഭാചരിത്രത്തിന്റെ പുനർവായന അനിവാര്യമാകുന്നതെങ്ങനെ?**

മലങ്കരസഭാചരിത്രം സംബന്ധിച്ചും മലങ്കര അന്ത്യോഖ്യൻ ബന്ധം സംബന്ധിച്ചും കാതോലിക്കേറ്റിനേക്കുറിച്ചും മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിനേക്കുറിച്ചും വസ്തുനിഷ്ഠമല്ലാത്തതും ചരിത്രവസ്തുതകൾക്ക് നിരക്കാത്തതുമായ അനേക കാര്യങ്ങൾ മലങ്കരസഭയിൽ പ്രചരിച്ചിട്ടുണ്ട്. ചരിത്രത്തിലെ ചില പ്രത്യേക സാഹചര്യങ്ങളിൽ സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി എഴുതിയ ചരിത്രത്തിന് ഔദ്യോഗിക അംഗീകാരംപോലും ലഭ്യമായി വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. അബദ്ധജഡിലമായ ചരിത്രം ആളുകൾ വായിക്കുകയും പഠിക്കുകയും രചിക്കുകയും ചെയ്യുന്നു. ഈ വക കാരണങ്ങളാൽ യഥാർത്ഥ ചരിത്രം മനസ്സിലാക്കുവാൻ പുനർവായന ആവശ്യമായി വന്നിരിക്കുന്നു. കാതോലിക്കേറ്റിനെക്കുറിച്ച് അനേക വൈദികരെ ആ ദിശയിൽ പഠിപ്പിക്കുവാൻ കോട്ടയം വൈദികസെമിനാരി അദ്ധ്യാപകനായിരുന്നപ്പോൾ എനിക്കു സാധിച്ചു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

**കാതോലിക്കേറ്റിന്റെ മഹത്വം ദേശീയതലത്തിൽ എങ്ങനെ ഉയർത്തുവാൻ കഴിയും?**

ഓരോ ദേശീയസഭയ്ക്കും അതതിന്റേതായ തലവന്മാരുണ്ട്. ലോകത്തിലുള്ള എല്ലാ ഓർത്തഡോക്സ് സഭകൾക്കും അതതിന്റെ തലവന്മാരായ പാത്രിയർക്കീസന്മാരോ കാതോലിക്കാമാരോ ഉണ്ട്. ആ സഭകളുടെ, അപ്പോസ്തോലികതയുടേയും പൗരാണികതയുടേയും സത്യവിശ്വാസത്തിന്റെയും ഐക്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ദേശീയതയുടേയും ഒക്കെ പ്രതീകങ്ങളാണ് കാതോലിക്കാ അഥവാ പാത്രിയർക്കാസ്ഥാനം. ഭാരതത്തിലെ പുരാതന സഭയാണ് മലങ്കരസഭ. മലങ്കരയുടെ കാതോലിക്കാ സ്ഥാനം മറ്റേതു സഭയുടെയുംപോലെ ശക്തവും സ്വതന്ത്രവുമാണ്. ദേശീയ തലത്തിലുള്ള ക്രൈസ്തവ സാക്ഷ്യത്തിന് ചുക്കാൻ പിടിക്കേണ്ട ഉന്നതാവസ്ഥയിലേക്ക് കാതോലിക്കാ സ്ഥാനത്തെ ഉയർത്തുവാൻ കഴിയണം.

**മലങ്കരസഭയുടെ ഭരണഘടന എപ്രകാരം മാറ്റങ്ങൾക്ക് വിധേയപ്പെടുത്താം?**

മലങ്കരസഭയുടെ ഭരണഘടന ഒരു കോംപ്രമൈസ് കോൺസ്റ്റിറ്റ്യൂഷനായിരുന്നു. 1934-ൽ നിലനിന്നിരുന്ന സഭാഭിന്നതയും 1889-ലെ റോയൽകോടതിവിധിയും 1876-ലെ മുളന്തുരുത്തി സുന്നഹദോസ് തീരുമാനങ്ങളും ഭരണഘടനാ രൂപവൽക്കരണത്തെ സ്വാധീനിച്ചിട്ടുണ്ട്. അതുകൊണ്ട് മലങ്കരസഭാചരിത്രത്തിനും പാരമ്പര്യത്തിനും നിരക്കാത്ത പല വകുപ്പുകളും അതിൽ കടന്നുകൂടിയിട്ടുണ്ട്. അത് മാറ്റപ്പെടണം. മലങ്കര- അന്ത്യോഖ്യൻ ബന്ധം സംബന്ധിച്ചും കാതോലിക്കേറ്റിനെ സംബന്ധിച്ചും അന്നുണ്ടായിരുന്ന ധാരണയല്ല ഇപ്പോഴുള്ളത്. 80 വർഷങ്ങൾക്കു മുമ്പുള്ള രാഷ്ട്രീയ സാമൂഹ്യസ്ഥിതിയോ ആവശ്യങ്ങളോ അല്ല ഇപ്പോഴുള്ളത്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ സഭാഭരണഘടനയിലും മാറ്റങ്ങൾ അനിവാര്യമാണ്.

**അച്ചൻ റൂൾസ് കമ്മിറ്റി അംഗമായിരുന്നില്ലേ? സഭാഭരണഘടനാ ഭേദഗതിക്ക് എന്തെങ്കിലും കാര്യമായി ചെയ്യാൻ കഴിഞ്ഞോ?**

തീർച്ചയായും, ഞാൻ റൂൾസ് കമ്മിറ്റി അംഗമായിരിക്കുമ്പോഴാണ് സഭാഭരണഘടനയിൽ ആവശ്യമായ ഭേദഗതി വരുത്തി സ്ത്രീകൾക്ക് ഇടവകപൊതുയോഗങ്ങളിൽ പങ്കെടുക്കുവാനും അഭിപ്രായം പറയുവാനും, വോട്ടുചെയ്യുവാനും, ഇടവക ഭരണത്തിൽ പങ്കാളികളാകുവാനുമുള്ള സാഹചര്യം ഉണ്ടാക്കിയത്. അടുത്തപടിയായി സ്ത്രീകൾക്ക് ഭദ്രാസനപൊതുയോഗങ്ങളിൽ പങ്കാളിത്തവും അതിനുശേഷം മലങ്കര അസോസിയേഷനിൽ പങ്കാളിത്തവും നൽകണം.

**മലങ്കര – അന്ത്യോഖ്യൻ ബന്ധത്തിന് പുനർവായന നൽകിയത് എങ്ങനെയാണ്?**

പത്തൊമ്പതാം നൂറ്റാണ്ടിലാണ് മലങ്കര അന്ത്യോഖ്യൻ ബന്ധം ശക്തിപ്രാപിച്ചത്. നവീകരണക്കാരെ എതിർക്കുവാൻ അന്ത്യോഖ്യാക്കാരെ കൂട്ടുപിടിച്ച് അതിന് ഉപോൽബലകമായ ചരിത്രവും കാനോനും ഒക്കെയെഴുതി കോടതിമുഖേന അതിന് അംഗീകാരം നേടി. അവസാനം വക്കീലന്മാർ രചിച്ച ചരിത്രം ഔദ്യോഗിക ചരിത്രമായി. മുൻവിധികളില്ലാതെ തെളിവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ മലങ്കര അന്ത്യോഖ്യൻ ബന്ധത്തിന്റെ ചരിത്രം വായിച്ചുപഠിച്ചാൽ പുനർവായന അനിവാര്യമാണെന്ന് മനസ്സിലാകും.

**സഭാകേസിന്റെ നടത്തിപ്പും ഇപ്പോഴുള്ള അവസ്ഥയും എങ്ങനെയാണ് സമീപിക്കുന്നത്?**

സഭാകേസ് നടത്തിപ്പ് കാര്യക്ഷമമായിരുന്നു എന്നു പറയുവാൻ സാധിക്കുന്നില്ല. വേണ്ട രീതിയിൽ വേണ്ട പോയിന്റുകൾ കോടതിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് വാദിക്കുവാൻ കഴിഞ്ഞില്ല. കോലഞ്ചേരി പള്ളിയിൽ ഇപ്പോൾ ഉണ്ടായിവന്ന

സ്ഥിതിവിശേഷം അതിനുദാഹരണമാണ്. കോതമംഗലം പള്ളി കേസും പരാജയപ്പെട്ടു. കേസുനടത്തിപ്പിലെ വീഴ്ച കൊണ്ട് പ. ബാവായുടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തെ പോലും ചോദ്യംചെയ്യുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ ചെന്നു ചേർന്നില്ലേ. അനുകൂലമായ വിധിയുണ്ടായിട്ടും അതിന്റെ മുഴുവൻ പ്രയോജനവും നേടിയെടുക്കാനും സാധിച്ചിട്ടില്ല. ആർക്കും ഉത്തരവാദിത്വം ഇല്ലാത്ത സ്ഥിതിയിലാണിപ്പോൾ കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇത്രയധികം പണം മുടക്കി കേസു നടത്തിയിട്ട് എന്തുപ്രയോജനം ഉണ്ടായി എന്ന് വ്യക്തമാക്കുവാൻ ആർക്കും കഴിയുന്നില്ല.

**മലങ്കരസഭയുടെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക് സംഭവിച്ചിട്ടുള്ള നിർജ്ജീവത്വം എങ്ങനെയാണ് പരിഹരിക്കപ്പെടാവുന്നത്?**

ശക്തമായ നേതൃത്വമുണ്ടായാൽ, സുന്നഹദോസിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ശ്രദ്ധിച്ചാൽ, സമയവും പ്രാപ്തിയും കഴിവുമുള്ളവർ നടത്തിപ്പുകാരായി മുന്നോട്ട് വന്നാൽ, മാനേജിംഗ് കമ്മിറ്റി കുറേക്കൂടി കാര്യക്ഷമമായാൽ, കാര്യങ്ങൾക്കു മാറ്റമുണ്ടാകും എന്നാണെന്റെ വിശ്വാസം.

**സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ച് നിരവധി വിമർശനങ്ങൾ വൈദികരും അത്മായക്കാരും ഉയർത്തുന്നുണ്ട്. ഇവയെങ്ങനെയാണ് വീക്ഷിക്കുന്നത്?**

വൈദികരും തിരുമേനിമാരും ഉയർന്ന നേതാക്കളുമൊക്കെ പുറത്തുനിന്ന് വിമർശനം ഉയർത്തുന്നുണ്ട്. പക്ഷെ ഇവരാരും പറയേണ്ട വേദികളിലോ സമിതികളിലോ ഇതൊന്നും പറയുന്നില്ല. പരിഹാരം ഉണ്ടാക്കേണ്ട ആളുകളുടെ മേൽ കാര്യമായ സമ്മർദ്ദം ചെലുത്താൻ ആർക്കും കഴിയുന്നില്ല. മാറിനിന്ന് വിമർശിച്ചിട്ട് ഒരു കാര്യവുമില്ല.

**മലങ്കരസഭാദീപം സഭകളുടെ മാധ്യമരംഗത്ത് പുത്തൻകാഴ്ചപ്പാട് നൽകിയത് ഏതുതരത്തിലാണ്?**

മലങ്കരസഭയിലെ ആളുകൾക്ക് സഭാവാർത്തകൾ അറിയുവാൻ വേറെ മാർഗ്ഗങ്ങൾ ഒന്നുമില്ലായിരുന്നു. സഭയിലെ സ്ഥാപനങ്ങളേക്കുറിച്ചും വിവിധ ഇടവകകളിൽ നടക്കുന്ന പരിപാടികളേക്കുറിച്ചും ആ ചുറ്റുവട്ടത്തിലുള്ളവർ മാത്രമെ അറിഞ്ഞിരുന്നുള്ളു. കേരളത്തിലെ പ്രമുഖ പത്രങ്ങൾ എല്ലാം സഭാവാർത്തകൾ വലിയ പ്രാധാന്യമില്ലാത്ത പ്രാദേശിക പേജുകളിൽ ഒതുക്കി. സഭയിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടും അവലോകനങ്ങളും മലങ്കരസഭാദീപത്തിൽ വന്നത് ആളുകൾ ഹാർദ്ദവമായി സ്വീകരിച്ചു. വൈദികരുടേയും വിശ്വാസികളുടേയും മനസ്സിൽ തിങ്ങിനിന്ന പ്രതികരണങ്ങൾ മലങ്കരസഭാദീപത്തിലൂടെ പ്രസിദ്ധീകരിച്ചു. അതുകൊണ്ട് ജനങ്ങളുടെ ഒരു മാധ്യമമായി മലങ്കരസഭാദീപം വളർന്നു. ഇപ്പോഴത്തെ പ. കാതോലിക്കാ ബാവായും പ. ദിദിമോസ് പ്രഥമൻ ബാവായും മലങ്കരസഭാദീപത്തെ പ്രശംസിച്ചുകൊണ്ട് പലപ്പോഴും സംസാരിച്ചിട്ടുണ്ട്.

**മലങ്കരസഭാദീപത്തിൽ വരുന്ന വിമർശന മുഖങ്ങൾ എപ്രകാരമാണ് ജനങ്ങൾ വീക്ഷിക്കുന്നത്?**

സഭയിലെ ജനങ്ങൾക്ക് സ്വതന്ത്രമായി അഭിപ്രായങ്ങൾ അവതരിപ്പിക്കുവാനുള്ള പൊതുവേദിയാണ് മലങ്കരസഭാദീപം. അതിൽ ചില വിമർശനങ്ങൾ ഒക്കെ ഉണ്ടാകാറുണ്ട്. അത് ജനങ്ങളുടെ ശബ്ദമാണ്. അത് പോസിറ്റീവ് ആയി ജനങ്ങൾ സ്വീകരിക്കുന്നു. കേരളത്തിലെ പത്രമാധ്യമങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അവ അധികാരസ്ഥാനികളെ എത്ര രൂക്ഷമായി വിമർശിക്കുന്നുണ്ട്. ശബ്ദവും ദൃശ്യവും വഴി അവ പൊതുജനങ്ങളിൽ എത്തിക്കുന്നു. പക്ഷെ അവയെ അധികാരികളും ജനങ്ങളും ഗുണപരമായി സ്വീകരിക്കുന്ന പാരമ്പര്യമാണ് കേരള ജനതയ്ക്കുള്ളത്. തെറ്റുകളെ തിരുത്തുവാനുള്ള ചങ്കൂറ്റം കാണിക്കാറുണ്ട്. സഭയിൽ ഇത്തരത്തിലുള്ള വിശാലമായ മാനസികാവസ്ഥ അധികാരസ്ഥാനികളിൽ വളർന്നിട്ടില്ല എന്നതാണ് പ്രശ്നം. മലങ്കരസഭാദീപത്തിന്റെ സാന്നിധ്യം പുതിയൊരു വിമർശനമുഖം സഭയിൽ വളർത്തുവാൻ ഇടയാക്കിയിട്ടുണ്ട്. ഇതിൽ വരുന്ന ചിന്തകൾ അഭിവന്ദ്യ തിരുമേനിമാരും വൈദികരും വിവിധ സ്ഥലങ്ങളിൽ ഉയർത്തുന്നവയാണ്.

വൈദികരും തിരുമേനിമാരും ഉയർന്ന നേതാക്കളുമൊക്കെ പുറത്തുനിന്ന് വിമർശനം ഉയർത്തുന്നുണ്ട്. പക്ഷെ ഇവരാരും പറയേണ്ട വേദികളിലോ സമിതികളിലോ ഇതൊന്നും പറയുന്നില്ല. പരിഹാരം ഉണ്ടാക്കേണ്ട ആളുകളുടെ മേൽ കാര്യമായ സമ്മർദ്ദം ചെലുത്താൻ ആർക്കും കഴിയുന്നില്ല. കാര്യങ്ങൾ ചെയ്യേണ്ടവർക്ക് അതു ചെയ്യുവാനും കഴിയുന്നില്ല. മാറിനിന്ന് വിമർശിച്ചിട്ട് ഒരു കാര്യവുമില്ല, പ്രവർത്തിയാണ് ആവശ്യം.

**ഗ്രന്ഥങ്ങൾ, ലേഖനങ്ങൾ, പ്രഭാഷണങ്ങൾ എന്നിവയിൽ ഉയർത്തുന്ന വിമർശനങ്ങൾ സഭാ അധികാരികൾ എങ്ങനെയാണ് സമീപിച്ചിട്ടുള്ളത്?**

വസ്തുതകളെ അംഗീകരിക്കാതിരിക്കാൻ ആർക്കും സാധ്യമല്ലല്ലോ. വിമർശനമേൽക്കുന്ന ചില വ്യക്തികൾ നീരസം കാട്ടാറുണ്ടെങ്കിലും പൊതുവെ ആളുകളും നേതാക്കന്മാരും അതിനെ പോസിറ്റീവായി ഉൾക്കൊള്ളുന്നുണ്ട്. അല്ലെങ്കിൽ മലങ്കരസഭാദീപം ഇങ്ങനെ വളരുമായിരുന്നില്ലല്ലോ.

**മലങ്കരസഭയേക്കുറിച്ചുള്ള ദർശനങ്ങൾ എന്താണ്?**

അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരയിലുള്ള സ്വാധീനത്തിനും അധികാരത്തിനും ഒന്നോ ഒന്നരയോ നൂറ്റാണ്ട് മാത്രമെ പഴക്കമുള്ളു. അത് പുരാതന കാലം മുതലെ ഉണ്ടായിരുന്നുവെന്ന് ചിത്രീകരിക്കുന്നത് സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടിയും അത് വിശ്വസിക്കുന്നത് അജ്ഞതകൊണ്ടുമാണ്. മലങ്കരസഭയുടെ യഥാർത്ഥ ചരിത്രം പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ള അവസരങ്ങൾ ഉണ്ടാവണം. മലങ്കരസഭ സ്വതന്ത്രമാണ്. കേരളത്തിലെ അതിപുരാതനമായ സഭയാണ്. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമാണ്. ഈ ദേശത്തിന്റെ പൈതൃകത്തിലും സംസ്ക്കാരത്തിലും

വളർന്ന് വികസിച്ച് ഭാരതത്തിലെ മറ്റ് സഭകളുമായി യോജിച്ച് അർത്ഥവത്തായ സാക്ഷ്യം നൽകുവാൻ ഈ സഭയ്ക്ക് സാധിക്കണം. പ. കാതോലിക്കാ ബാവായാണ് മലങ്കരസഭയുടെ തലവനും പിതാവും. കാതോലിക്കാ സ്ഥാനത്തിന്റെ ശരിയായ അർത്ഥവും സ്വാതന്ത്ര്യവും അന്തസത്തയും മനസ്സിലാക്കിക്കൊണ്ട് കാതോലിക്കേറ്റിന്റെ പിന്നിൽ അണിനിരക്കുവാൻ മലങ്കരസഭാമക്കൾക്ക് സാധിക്കണം. പ. കാതോലിക്കാ ബാവാ മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയാണ്. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനാണ്. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെയും ദേശീയതയുടേയും അപ്പോസ്തോലികതയുടേയും പ്രതീകമാണ് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം. അതിന്റെ അർത്ഥത്തിനും അന്തസത്തയ്ക്കും സ്വാതന്ത്ര്യത്തിനും യാതൊരു കോട്ടവും തട്ടാതെ കാത്തുസൂക്ഷിക്കുവാൻ മലങ്കരസഭയ്ക്ക് സാധിക്കണം.

**പ. കാതോലിക്കാ ബാവായുമായി യോജിച്ചുപ്രവർത്തിക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ?**

തീർച്ചയായും. മലങ്കരസഭയിലെ ഏതൊരു മെത്രാച്ചനും ഒരുമിച്ച് പ്രവർത്തിക്കുന്നതിനേക്കാൾ ഭംഗിയായി എനിക്ക് പ. ബാവാ തിരുമേനിയുമായി ഒന്നിച്ച് പ്രവർത്തിക്കുവാൻ സാധിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. പ. ബാവാ തിരുമേനി നിയുക്ത കാതോലിക്കാ ആയിരിക്കുമ്പോഴാണ് ഞാൻ ആലുവാ തൃക്കുന്നത്ത് സെമിനാരി മാനേജരായിരുന്നത്. അന്ന് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു തന്നെയാണ് ഞാനവിടെ പ്രവർത്തിച്ചിട്ടുള്ളത്. പ. ബാവാ തിരുമേനിയുമായുള്ള ബന്ധം 1974-ൽ ഞാൻ ഒരു കോളജ് വിദ്യാർത്ഥിയായിരുന്ന കാലം മുതലുള്ളതാണ്. അന്ന് അദ്ദേഹം തിരുവനന്തപുരം എം.ജി.ഒ.സി.എസ്.എം. സെന്ററിന്റെ ചുമതലക്കാരനായി (പോളച്ചനായി) അവിടെ താമസിക്കുകയായിരുന്നു. പിന്നീട് അദ്ദേഹം എറണാകുളം പള്ളിയിൽ വൈദികനായിരിക്കുമ്പോഴും, കുന്നംകുളം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയപ്പോഴും ആ ബന്ധം നല്ല രീതിയിൽ തുടരുന്നുണ്ട്. കുന്നംകുളത്ത് ചില പ്രശ്നങ്ങൾ ഉണ്ടായപ്പോൾ തിരുമേനിയുടെ നിർദ്ദേശം അനുസരിച്ച് മലങ്കരസഭാദീപത്തിൽ അതിനെക്കുറിച്ച് ഭംഗിയായി പരാമർശിക്കാനും സാധിച്ചിട്ടുണ്ട്. ഞാൻ വിയന്നായിൽ പഠിക്കുന്ന കാലത്ത് അദ്ദേഹവും വന്ദ്യ തെയോഫോറസ് റമ്പാച്ചനും അവിടെ വന്ന് താമസിച്ചിട്ടുണ്ട്. പല പ്രോഗ്രാമുകളിലും ഒന്നിച്ച് സംബന്ധിച്ചിട്ടുമുണ്ട്. കഴിഞ്ഞ പത്തു വർഷമായി സഭാ മാനേജിംഗ് കമ്മിറ്റി അംഗമായി പ.ബാവാ തിരുമേനിയോട് ചേർന്നുനിന്നു ഞാൻ പ്രവർത്തിക്കുന്നു.

വൈദികട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിക്കുന്ന വിവരം അദ്ദേഹത്തെ അറിയിച്ചപ്പോൾ അദ്ദേഹം വളരെ അനുകൂലമായി പ്രതികരിക്കുകയും മത്സരിക്കുവാൻ അനുവാദം നൽകുകയും ചെയ്തു.

**വട്ടിപ്പണവും പഴയസെമിനാരിയുമായിരുന്നല്ലോ മലങ്കരമെത്രാപ്പോലീത്തായോട് ചേർന്ന് വൈദിക-അത്മായ ട്രസ്റ്റിമാർ കൈകാര്യം ചെയ്തിരുന്ന സഭയുടെ പ്രധാന സ്വത്തുക്കൾ? അതിനെക്കുറിച്ച് അച്ചന്റെ അഭിപ്രായം?**

1807-ൽ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വലിയ മാർ ദീവന്നാസിയോസ് (മാർത്തോമ്മാ ആറാമൻ) ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയിൽ വട്ടിക്ക് (പലിശയ്ക്ക്) സ്ഥിരനിക്ഷേപമായി ഇട്ട മൂവായിരം പൂവരാഹൻ (പതിനായിരത്തഞ്ഞൂറ് ബ്രിട്ടീഷ് രൂപാ) ആണ് വട്ടിപ്പണം. ആണ്ടിനാൽ ഉള്ള അതിന്റെ പലിശ വാങ്ങുവാനുള്ള അധികാരം അതത് കാലത്തെ മലങ്കര മെത്രാപ്പോലീത്തന്മാർക്കുള്ളതായിരുന്നു. മലങ്കരസഭയുടെ അമൂല്യമായ ഒരു നിധിയും കേരളത്തിലെ സുറിയാനിസഭകൾക്ക് മുഴുവൻ വൈകാരിക ബന്ധമുള്ള ഒരു മുതലുമാണ് വട്ടിപ്പണം. 1840-ൽ ഉണ്ടായ ഒരു മദ്ധ്യസ്ഥ കോടതിയുടെ തീരുമാനപ്രകാരം അന്നു മുതൽ അതിന്റെ പലിശ വാങ്ങുവാനുള്ള അവകാശം മലങ്കര മെത്രാപ്പോലീത്തായ്ക്കും കൂട്ടുട്രസ്റ്റിമാർക്കുമായി. സമുദായകേസുകൾ ഉണ്ടായ കാലത്ത് വട്ടിപ്പണം ഒരു പ്രധാന തർക്കവിഷയമായിരുന്നു. അത് മലങ്കരസഭയ്ക്ക് അവകാശപ്പെട്ട സ്വത്താണെന്ന് നിർണ്ണായകമായ പല കോടതിവിധികളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ അതിന്റെ രസീത് എവിടെയാണെന്നുപോലും പലർക്കും അറിയില്ലെന്നാണ് മനസ്സിലാകുന്നത്. അത് നഷ്ടപ്പെട്ടുപോയി എന്നും കേൾക്കുന്നു. എന്ത് വിലകൊടുത്തും അത് തിരിച്ചെടുക്കുവാനുള്ള ബാധ്യത മലങ്കരസഭയ്ക്കുണ്ട്.

**വൈദികസെമിനാരിയെക്കുറിച്ച്?**

മലങ്കരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനവും വേദശാസ്ത്രപഠനകേന്ദ്രവുമാണ് കോട്ടയം പഴയസെമിനാരി. ഒരു കാലത്ത് മലങ്കരമെത്രാപ്പോലീത്തായുടെ ആസ്ഥാനമായിരുന്നു. സഭാജ്യോതിസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ മനോഹരമായ ശില്പചാതുരിയിൽ പണികഴിപ്പിച്ചിട്ടുള്ളതാണ് പഴയസെമിനാരി കെട്ടിടം. കാലപ്പഴക്കംകൊണ്ട് ആ കെട്ടിടത്തിന് ചില ജീർണ്ണതകളുണ്ടായിട്ടുണ്ട്. അതു പരിഹരിച്ച് പഴയസെമിനാരികെട്ടിടം ഒരു ചരിത്രസ്മാരകമായി നിലനിർത്തേണ്ടത് ആവശ്യമാണ്. ബന്ധപ്പെട്ട എല്ലാവരുമായി സഹകരിച്ച് സെമിനാരി കെട്ടിടം നല്ല നിലയിൽ നിലനിർത്താൻ വേണ്ടതെല്ലാം ചെയ്യുവാൻ ആഗ്രഹിക്കുന്നു. സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു അഫിലിയേറ്റഡ് കോളജ് എന്ന നിലയിൽനിന്ന് അന്താരാഷ്ട്രനിലവാരമുള്ള ഒരു ഓർത്തഡോക്സ് വേദശാസ്ത്രപഠനകേന്ദ്രമായി സെമിനാരി വളരണം.

**വൈദികക്ഷേമത്തെക്കുറിച്ച്?**

പ്രത്യേകം നിർവ്വചിച്ചിട്ടില്ലെങ്കിലും വൈദികട്രസ്റ്റി എന്ന നിലയിൽ വൈദികരുടെ ക്ഷേമം അന്വേഷിക്കേണ്ട ചുമതലയും ഉത്തരവാദിത്വവും വൈദികട്രസ്റ്റിക്കുണ്ട് എന്നാണ് എന്റെ ബോധ്യം. മലങ്കരസഭ വൈദികക്ഷേമത്തിനായി പല പദ്ധതികളും ആസൂത്രണം ചെയ്തെങ്കിലും പലതും കടലാസ്സുപദ്ധതികളായി മാത്രം അവശേഷിക്കുന്നു. വൈദികക്ഷേമത്തിനു പലതും ചെയ്യുമെന്നുള്ള വാഗ്ദാനം ഇന്നും പലരും നടത്താറുണ്ടെങ്കിലും ഒന്നും നടപ്പിൽ വരുന്നില്ല; വരുത്തു

ന്നില്ല. ഒരു കോടിയുടെ ഒരു വൈദികക്ഷേമഫണ്ട് ഒരുവർഷംകൊണ്ട് സ്വരൂപിക്കുവാൻ മാനേജിംഗ് കമ്മിറ്റിയിലും സുന്നഹദോസിലും ഒക്കെ തീരുമാനമായെങ്കിലും അതിന്റെ കാര്യമായ ശേഖരണമൊന്നും നടന്നതായി അറിവില്ല. വൈദികരുടെ സ്ഥിതി ഇന്നും പഴയതുതന്നെ. കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന പല വൈദികരുമുണ്ട്. പെൻഷൻ ആകുന്ന വൈദികരുടെ സ്ഥിതി വളരെ പ്രയാസമാണ്. മരുന്നും ചികിത്സയും ആവശ്യമാകുന്ന ആ സമയത്ത് അവരെ കാര്യമായി സഹായിക്കുവാൻ സഭയ്ക്ക് സാധിക്കണം.

20–25 വയസ്സിൽ ആരംഭിക്കുന്ന സഭാസേവനം കഴിഞ്ഞു വിരമിക്കുന്ന വൈദികരെ സംരക്ഷിക്കേണ്ട ചുമതല സഭയ്ക്കില്ലെ? പിതാക്കന്മാരുടെ സംരക്ഷണം മക്കളല്ലാതെ വേറെ ആരാണേറ്റെടുക്കുക. അവർ ഏതു ഭദ്രാസനത്തിൽ എവിടെ സേവനം അനുഷ്ഠിച്ചു എന്നത് രണ്ടാമത്തെ കാര്യം. അവരുടെ ഉത്തരവാദിത്വം സഭയ്ക്ക് മുഴുവനായിട്ടുള്ളതാണ്. നാം ദൈവത്തിന്റെ മക്കളായി തീരുവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച പിതാക്കന്മാരെ (മരിച്ചുകഴിയുമ്പോൾ) നമസ്ക്കാരങ്ങളിലും കുർബ്ബാനകളിലും ഓർത്താൽ മാത്രം പോര. ജീവിച്ചിരിക്കുമ്പോൾ അവർക്ക് അന്നവസ്ത്രാദികൾ നൽകി സംരക്ഷിക്കുകയും വേണം.

**- ഫാ. വി. ജി. കോശി വൈദ്യൻ**